പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3212

18.10.2016 - ൽ മറുപടിക്ക്

## സഹകരണ വകുപ്പിന് കീഴിലെ വിവിധ ബോർഡുകളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പെൻഷൻ ബോർഡ്, ക്ഷേമനിധി ബോർഡ്, വികസന ക്ഷേമനിധി ബോർഡ്, പരീക്ഷാ ബോർഡ്, ഡെപ്പോസിറ്റ് ഗ്യാരൻറി ഫണ്ട് ബോർഡ് എന്നിവയിലെ ജീവനക്കാർക്ക് 2014-ൽ . സർക്കാർ പ്രഖ്യാപിച്ച പെൻഷൻ പദ്ധതി ,പതിമൂന്നാം സഭയുടെ പതിനൊന്നാം സമ്മേളനത്തിൽ അവതരിപ്പിച്ച് 2014 ജൂൺ 24 ന് നിയമമായത് പ്രകാരം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 2014-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ (24/2014) വകുപ്പ് 80 എയിൽ ഭേദഗതി വരുത്തി വിവിധ സഹകരണ ബോർഡുകളിലെ ജീവനക്കാരെക്കൂടി ടി വ്യവസ്ഥയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് ടി ബോർഡുകളിലെ ജീവനക്കാരെക്കൂടി പെൻഷൻ പദ്ധതിയിലുൾപ്പെടുത്തതിനായി 1994 -ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് പെൻഷൻ സ്കീമിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതി ഇതുവരെയും നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള പെൻഷൻ സ്കീമിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തിരമായി ലഭ്യമാക്കുന്നതിന് സഹകരണ പെൻഷൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈകാതെ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കാലതാമസം ഒഴിവാക്കി ഈ പെൻഷൻ പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ